പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1689 02.07.2015 - ൽ മറുപടിയ്ക്ക്

## സാമൂഹ്യക്ഷേമ പെൻഷൻ - കുടിശ്ശിക

ചോദ്യം

ശ്രീ.കോടിയേരി ബാലകൃഷ്ണൻ

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്തെ സാമൂഹ്യക്ഷേമ പെൻഷനുകൾ ഓരോന്നും എത്ര ഗഡു വീതം വിതരണം ചെയ്യുന്നെന്ന് വിശദമാക്കുമോ ; | (എ) | സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിവരുന്ന സാമൂഹ്യക്ഷേമ പെൻഷൻ വിതരണത്തിനായി ബഡ്ജറ്റ് വിഹിതമായും ഉപധനാഭ്യർത്ഥനയിലൂടെയും ലഭിച്ച തുക മുഴുവൻ വിതരണം ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | നിലവിൽ എത്ര ഗഡുവും എത്ര തുകയും കുടിശ്ശികയുണ്ടെന്ന് വെളിപ്പെടുത്താമോ ; | (ബി) | സാമൂഹ്യക്ഷേമ പെൻഷനുകളിൽ വികലാംഗപെൻഷന് ഏകദേശം മൂന്നുമാസത്തേയും വിധവ പെൻഷന് ഏകദേശം നാലുമാസത്തേയും, ദേശീയ വാർദ്ധക്യകാലപെൻഷന് ഏകദേശം ആറുമാസത്തേയും, 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ ഏകദേശം മൂന്നു മാസത്തേയും കുടിശ്ശികയുണ്ട്. പെൻഷൻ വിതരണത്തിന് ആവശ്യമുള്ള തുകയെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

തുക ലക്ഷത്തിൽ

| | | |
|---|---|---|
| 1 | വികലാംഗപെൻഷൻ | 6898.96 |
| 2 | അഗതി (വിധവ) പെൻഷൻ | 19776.96 |
| 3 | ദേശീയവാർദ്ധക്യകാല പെൻഷൻ | 45005.47 |
| 4 | 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1179.66 |

| | | | |
|---|---|---|---|
| (സി) | ഇവ എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വിശദമാക്കാമോ ? | (സി) | ഫണ്ട് ലഭ്യമാകുന്ന മുറക്ക് വിതരണം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ